**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് -നല്ലൂർനാട് സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ ഒരു ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കാൻ, മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെടുന്ന ഗ്രാമ പഞ്ചായത്തുകൾക്ക് പ്ലാൻ/ തനതു ഫണ്ടിൽ നിന്നും തുക വകയിരുത്തുവാൻ അനുമതി നൽകി —ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

**സ.ഉ.(സാധാ) നം.45/2020/ത.സ്വ.ഭ.വ** **തിരുവനന്തപുരം,**
**തീയതി, 04/01/2020**

പരാമർശം:- മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 18/11/2019 ലെ കത്ത്.

**ഉത്തരവ്**

വയനാട് ജില്ലയിൽ സർക്കാർ മേഖലയിൽ ജില്ലാ ആശുപത്രയിൽ മാത്രമാണ് ഡയാലിസിസ് യൂണിറ്റ് ഉള്ളത്. തന്മൂലം ക്യാൻസർ ബാധിതരായവരുൾപ്പെടെയുള്ള കിഡ്നി രോഗികൾ ഡയാലിസിസ് ചെയ്യുന്നതിന് ജില്ലാ ആശുപത്രിയേയോ സ്വകാര്യ ആശുപത്രികളെയോ ആശ്രയിക്കേണ്ട സ്ഥിതിയാണുള്ളത്. ഈ വിഷമത പരിഗണിച്ച് മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് വാർഷിക പദ്ധതിയിൽ തുക വകയിരുത്തി നല്ലൂർനാട് സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ ഒരു ഡയാലിസിസ് യൂണിറ്റ് സർക്കാരിന് യാതൊരുവിധ ബാധ്യതയും വരാത്ത വിധത്തിൽ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിലും ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നതിന് സംയുക്ത പദ്ധതിയായി തുക വകയിരുത്തി ഇതിനാവശ്യമായ തുക കണ്ടെത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ, ഗ്രാമ പഞ്ചായത്തുകൾക്ക് ഡയാലിസിസ് യൂണിറ്റിന് സംയുക്ത പദ്ധതിയായി തുക വകയിരുത്തുന്നതിന് അനുമതി നൽകണമെന്ന് മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പരാമർശ കത്ത് പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നല്ലൂർനാട് സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കാൻ മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെടുന്ന ഗ്രാമ പഞ്ചായത്തുകൾക്ക് പ്ലാൻ/ തനതു ഫണ്ടിൽ നിന്നും തുക വകയിരുത്താൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

പ്രസിഡൻറ്/സെക്രട്ടറി, മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട് മുഖേന)

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ